"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോഴിക്കോട് നഗരസഭയിൽ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിൽ 15.12.2010 മുതൽ 04.01.2019 പൂർവ്വാഹ്നം വരെ സേവനമനുഷ്ഠിച്ചിരുന്ന ഡോ.രത്നാവതിയുടെ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിലെ സർവീസ് റഗുലറൈസ് ചെയ്ത്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1366/2025/LSGD തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-

1 കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 07.10.2010 തീയതിയിലെ RIA(3)13947/08/GW നമ്പർ അഡ്വൈസ് മെമ്മോ.

2. സ.ഉ (സാധാ)നം.3617/2010/തസ്വഭവ തീയതി 18.11.2010

3. സ.ഉ(അ)നം.23/2013/ഉ.ഭ.പ.വ തീയതി 16.08.2013

4. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 22.11.2022 ലെ AA&VW2-1/39/2021-നമ്പർ കത്തും അതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള വെരിഫിക്കേഷൻ റിപ്പോർട്ടും.

5. കോഴിക്കോട് സിറ്റി ജില്ലാ പോലീസ് ചീഫിന്റെ 24.11.2012 ലെ C.No.723/DB/2012/S നം. വെരിഫിക്കേഷൻ റിപ്പോർട്ട്.

6. പ്രിൻസിപ്പൽ ഡയറക്ടറുടെ 22-04-2025-ലെ LSGD/PD/9347/2024-DEH2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള പരാമർശം (1) അഡ്വൈസ് മെമ്മോയുടെ വെളിച്ചത്തിൽ, ഡോ.രത്നാവതിയെ മുൻസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഓഫീസർ ഗ്രേഡ് III/ലേഡ് മെഡിക്കൽ ഓഫീസർ തസ്തികയിൽ 11910-19350 രൂ. ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ട് പരാമർശം(2)പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം ടിയാൾ 15.12.2010-ന് ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുണ്ടായി. മേൽ നിയമനത്തിന് ടിയാൾ അനുയോജ്യയാണെന്ന് പരാമർശം (5) പ്രകാരം പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2) പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഡോ.രത്നാവതിയുടെ പി.എസ്.സി വെരിഫക്കേഷൻ 23.08.2022-ൽ നടത്തി പരാമർശം (4) പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ ലഭ്യമാക്കിയിട്ടുള്ള വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ടി തസ്തികയിലെ നിയമനത്തിന് , മറ്റെല്ലാ തരത്തിലും അർഹയാണെങ്കിൽ, ടിയാളുടെ സർവീസ് റഗുലറൈസ്ചെയ്യാവുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണ്.

3) നിലവിൽ ഹെൽത്ത് സർവീസിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന

ഡോ.എൻ.രത്നാവതിയുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (6) കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവീസിൽ കോഴിക്കോട് നഗരസഭയിൽ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിൽ 15.12.2010 പൂർവ്വാഹ്നം മുതൽ 04.01.2019 പൂർവ്വാഹ്നം വരെ സേവനമനുഷ്ഠിച്ചിരുന്ന ഡോ.രത്നാവതിയുടെ ഹെൽത്ത് ഓഫീസർ ഗ്രേഡ് III തസ്തികയിലെ താൽക്കാലിക നിയമനം 15.12.2010 പൂർവ്വാഹ്നം പ്രാബല്യത്തിൽ റഗുലറൈസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡോ.രത്നാവതി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 03-06-2025 12:48:02
സെക്ഷൻ ഓഫീസർ